# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.626/2016/തസ്വഭവ      തിരുവനന്തപുരം, തീയതി : 15.02.2016.**

---

പരാമർശം : വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 10.02.2016-ലെ **2.4** നമ്പർ തീരുമാനം

## ഉത്തരവ്

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിന് മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാൽ പല തദ്ദേശ ഭരണ സ്ഥാപനങ്ങളും പ്രസ്തുത ആനുകൂല്യം നൽകുന്നതിന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ മേൽ പരാമർശ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംവിധം സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു

- നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി - പട്ടിക വർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്.
- വിദ്യാർത്ഥിയുടെ രക്ഷിതാവായിരിക്കണം അപേക്ഷ നൽകേണ്ടത്.
- ബി.പി.എൽ. കുടുംബമായിരിക്കണം.
- നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം.
- നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം.
- നിലവിലുള്ള ഒരു മുറി പഠനമുറിയയാക്കുകയല്ല, പുതിയ മുറി നിർമ്മിക്കുകയാണ് വേണ്ടത്.
- എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുക്കണം.

* മെഷർമെന്റ് അടിസ്ഥാനമാക്കി പരമാവധി 1 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്.
* പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ഈ ഇനത്തിൽ ധനസഹായം ലഭിച്ചവർ വീണ്ടും തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് ധനസഹായം ലഭിക്കാൻ അർഹരല്ല. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥനിൽ നിന്ന് ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ